## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5542 25.10.2011 - ൽ മറുപടിക്ക്**

## നാദാപുരം മണ്ഡലത്തിലെ വിവിധ പാലങ്ങളുടെ നിർമ്മാണ പുരോഗതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. കെ. വിജയൻ : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പ് മന്ത്രി). |
| (എ) നാദാപുരം മണ്ഡലത്തിലെ 'മേലെകുരുടൻ' കടവ്പാലം, 'തുരുത്തിപാലം,' 'കല്ലാച്ചേരി കടവ്പാലം,' 'മുടിക്കൽപാലം,' 'താനിയുള്ള പൊയിൽ തൂക്കു പാലം' എന്നിവയുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ ; | (എ) **മേലെകുരുടൻ കടവ്പാലം**<br><br>രണ്ട് താങ്ങ് തൂണുകളുടെയും പുഴയുടെ മദ്ധ്യത്തിലുള്ള തൂണിന്റെയും പ്രവൃത്തി പൂർത്തിയായി. ഗേസിയോൺ റീട്ടെയ്നിംഗ് ഭിത്തി പണിയ്ക്കു വേണ്ട റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.<br><br>**തുരുത്തിമുക്ക് പാലം**<br><br>തലശ്ശേരി താലൂക്കിൽ സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചു വരുന്നു. അതിരുകൾ കുറ്റിയടിച്ച് തിട്ടപ്പെടുത്തുന്ന പ്രവൃത്തി സ്ഥലമുടമകളുടെ എതിർപ്പുമൂലം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ഇതിനായി സ്ഥലമുടമകളുടെ യോഗം പല തവണ പഞ്ചായത്തധികൃതർ നടത്തിയെങ്കിലും സമവായമുണ്ടാക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. |

**കല്ലാച്ചേരി കടവ്പാലം**

കോഴിക്കോട് ജില്ലയിൽപ്പെടുന്ന ഭാഗത്ത് സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചു വരുന്നു.

കണ്ണൂർ ജില്ലയിൽപ്പെടുന്ന ഭാഗത്തെ സ്ഥലം 2010 ജൂലൈ മാസത്തിൽ കുറ്റിയടിച്ച് സ്ഥലമെടുപ്പിനുള്ള അർത്ഥനാപത്രം റവന്യൂ അധികൃതർക്ക് സമർപ്പിച്ചിരുന്നു. ഇപ്പോൾ റവന്യൂ അധികൃതർ ആവശ്യപ്പെട്ട പ്രകാരം അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവെങ്കിലും സ്ഥലമുടമകളുടെ എതിർപ്പ് കാരണം പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ സ്ഥലമെടുപ്പ് നടപടികൾ തടസ്സപ്പെട്ടിരിയ്ക്കുകയാണ്.

**മുടിക്കൽപാലം**

കരാറുകാരൻ പ്രവൃത്തി ആരംഭിച്ചു.

**താനിയുള്ള പൊയിൽ തൂക്കുപാലം**

ഉടമ്പടി ഒപ്പ് വെച്ചിട്ടുണ്ട്. തൂക്ക് പാലത്തിന് പകരം നടപ്പാലം നിർമ്മിക്കണമെന്ന് നിർദ്ദേശം ഉണ്ടായതിനാൽ തൂക്ക് പാലത്തിന്റെ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

(ബി) ഇവയുടെ പ്രവൃത്തികളിൽ തടസ്സങ്ങളുണ്ടെങ്കിൽ ആയത് നീക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) തടസ്സങ്ങൾ നീക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| | |
|---|---|
| (സി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണം എന്ന് പൂർത്തിയാക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ ? | (സി) സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തികൾ ഏറ്റെടുത്ത് പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.